ഉത്തരം

(എ) പാട്ടനിരക്ക് നിയമ നിർമ്മാണത്തിലൂടെ അന്തിമമായി നിശ്ചയിച്ചിട്ടില്ലാത്തതിനാൽ സർക്കാരിന് നഷ്ടം സംഭവിക്കാത്തെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിന് പരിഹാരം കാണുന്നതിന് കേരള ഗ്രാൻറ്സ് ആൻറ് ലീസ് ആക്ടിനും റൂളിനും നിയമഭേദഗതി വരുത്തുന്നതാണ്.

(സി) സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകിയിട്ടുള്ള വനഭൂമിക്ക് 7-11-1995-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എം. എസ്.) 83/95/വനം പ്രകാരം ഹെക്ടർ ഒന്നിന് 250 രൂപയായി വർദ്ധിപ്പിച്ചു നിശ്ചയിച്ചിട്ടുണ്ട്. ഇത് നേരത്തെ ഏക്കറിന് 1.50 രൂപ മുതൽ 5 രൂപ വരെ ആയിരുന്നു. ടി വർദ്ധനവ് ബഹു: ഹൈക്കോടതി ഇപ്പോൾ സ്റേ ചെയ്തിരിക്കുകയാണ്.

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് നൽകിയിരിക്കുന്ന വനഭൂമിക്ക് ഇപ്പോൾ നിലവിലുള്ള പാട്ടനിരക്ക് ഹെക്ടറിന് 1300 രൂപയാണ്. കേരള ഗ്രാൻറ്സ് ആൻറ് ലീസ് ആക്ട് പ്രകാരമല്ല ഇത് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രത്യേക സർക്കാർ ഉത്തരവ് (എം. എസ്.) 11/89/വനം പ്രകാരം 18-12-1987-ൽ പ്രസ്തുത നിരക്ക് പ്രാബല്യത്തിൽ കൊണ്ടുവന്നു

വന്യജീവി സംരക്ഷണം

30. [1516] ശ്രീ. തച്ചടി പ്രഭാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമ വികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വന്യജീവികളുടെ സംരക്ഷണത്തിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും പക്ഷി സങ്കേതങ്ങളും ഉള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) വന്യജീവി സംരക്ഷണ വകുപ്പിൻെറ കീഴിൽ ഏത്ര കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉണ്ട് ;

(ഇ) പ്രസ്തുത പദ്ധതിയിൻ കീഴിൽ എന്തെല്ലാം പരിപാടികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(എഫ്) അടുത്ത സാമ്പത്തിക വർഷം ഈ ആവശ്യത്തിലേക്ക് ബഡ്ജറിൽ എന്ത് തുകയാണ് വകകൊള്ളിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 12 വന്യജീവി സംരക്ഷണ കേന്ദ്രങ്ങളും 2 ദേശീയ ഉദ്യാനങ്ങളും സ്ഥാപിച്ചിട്ടുണ്ട്. ഇവയുടെ ശാസ്ത്രീയമായ സംരക്ഷണത്തിന് വേണ്ട മാനേജ്മെൻറ് പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ട്. ഓരോ വർഷവും കേന്ദ്ര സംസ്ഥാന സർക്കാരുകൾ അനുവദിച്ചുതരുന്ന ഫണ്ട് ഉപയോഗപ്പെടുത്തി പദ്ധതികൾ ഏറെറടുത്ത് നടപ്പാക്കി വരുന്നുണ്ട്. വന്യജീവി സങ്കേതങ്ങളെയും ദേശീയ ഉദ്യാനങ്ങളെയും ആശ്രയിച്ച് ജീവിക്കുന്ന വ്യക്തികളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും അതുവഴി വനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

മേലുള്ള സമ്മർദ്ദം കുറയ്ക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഇക്കോ ഡവലപ്മെൻറ് പദ്ധതി നടപ്പാക്കിവരുന്നുണ്ട്. കടുവ, ആന എന്നീ മൃഗങ്ങളെയും അവയുടെ ആവാസ വ്യവസ്ഥയേയും സംരക്ഷിക്കുന്നതിന് വേണ്ടി കേന്ദ്ര സഹായത്തോടുകൂടി പ്രോജക്ട് ടൈഗർ എന്നും പ്രോജക്ട് എലിഫൻറ് എന്നും പേരായ പദ്ധതികളും നടപ്പാക്കി വരുന്നുണ്ട്. നീലഗിരി ബയോസ്ഫിയറിൻെറ ഭാഗമായി കേരള സംസ്ഥാനത്തിൽപ്പെട്ട വയനാട്, നിലംപൂർ, സൈലൻറ് വാലി തുടങ്ങിയ സ്ഥലങ്ങളിൽ കേന്ദ്ര സഹായത്തോടുകൂടി നീലഗിരി ബയോസ്ഫിയർ റിസർവ് പദ്ധതിയും നടപ്പാക്കിവരുന്നുണ്ട്. വന്യജീവി ഗവേഷണത്തിനും പ്രകൃതി പഠനത്തിനും വേണ്ട പ്രത്യേക കർമ്മ പരിപാടികളും നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെയും പക്ഷി സങ്കേതങ്ങളുടെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

	വന്യജീവി സംരക്ഷണ കേന്ദ്രത്തിൻെറ പേര്	വിസ്തീർണ്ണം ച. കി. മീറ്റർ	ജില്ല
1	നെയ്യാർ വന്യജീവി കേന്ദ്രം	128	തിരുവനന്തപുരം
2	പേപ്പാറ വന്യജീവികേന്ദ്രം	53	,,
3	ശെന്തുരുണി വന്യജീവി കേന്ദ്രം	100.32	കൊല്ലം
4	പെരിയാർ കടുവാ സംരക്ഷണ കേന്ദ്രം	777.00	ഇടുക്കി
5	ഇടുക്കി വന്യജീവി സംരക്ഷണ കേന്ദ്രം	70.00	,,
6	ചിന്നാർ വന്യജീവി സംരക്ഷണ കേന്ദ്രം	90.44	,,
7	തട്ടേക്കാട് പക്ഷി സങ്കേതം	25.00	,,
8	ഇരവികുളം ദേശീയോദ്യാനം	97.00	,,
9	ചിമ്മിനി വന്യജീവി സംരക്ഷണകേന്ദ്രം	10.00	തൃശ്ശൂർ
10	പീച്ചി-വാഴാനി വന്യജീവി സംരക്ഷണ കേന്ദ്രം	125.00	,,
11	സൈലൻറ്വാലി ദേശീയോദ്യാനം	89.50	പാലക്കാട്
12	പറമ്പിക്കുളം വന്യജീവി സംരക്ഷണ കേന്ദ്രം	285.00	,,
13	വയനാട് വന്യജീവി സംരക്ഷണ കേന്ദ്രം	344.00	വയനാട്
14	ആറളം വന്യജീവി സംരക്ഷണകേന്ദ്രം	55.00	,,

(ഡി) 50 % കേന്ദ്ര സഹായ പദ്ധതിയിൽപ്പെട്ട 14 പദ്ധതികളും 100% കേന്ദ്ര സഹായ പദ്ധതിയിൽപ്പെട്ട 3 പദ്ധതികളും ഉണ്ട്.

(ഇ) 50% കേന്ദ്ര സഹായ പദ്ധതികൾ:

1 നെയ്യാർ വന്യജീവി സംരക്ഷണ പദ്ധതി.
2 പോപ്പ വന്യജീവി സംരക്ഷണ പദ്ധതി.
3 ശെന്തുരുണി വന്യജീവി സംരക്ഷണ പദ്ധതി.
4 പെരിയാർ ടൈഗർ റിസർവിലെ പ്രോജക്ട് ടൈഗർ പദ്ധതി.
5 ഇടുക്കി വന്യജീവി സംരക്ഷണ പദ്ധതി.
6 തട്ടേക്കാട് പക്ഷിസങ്കേത പദ്ധതി.
7 ഇരവികുളം വന്യജീവി സംരക്ഷണ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

8. ചിന്നാർ വന്യജീവി സംരക്ഷണ പദ്ധതി.
9. സൈലൻറ് വാലി വന്യജീവി സംരക്ഷണ പദ്ധതി.
10. പറമ്പിക്കുളം വന്യജീവി സംരക്ഷണ പദ്ധതി.
11. വയനാട് വന്യജീവി സംരക്ഷണ പദ്ധതി.
12. ആറളം വന്യജീവി സംരക്ഷണ പദ്ധതി.
13. ചിമ്മിണി വന്യജീവി സംരക്ഷണ പദ്ധതി.
14. പീച്ചി–വാഴാനി വന്യജീവി സംരക്ഷണ പദ്ധതി.

100% കേന്ദ്ര സഹായ പദ്ധതികൾ

1. പ്രോജക്ട് എലിഫൻറ് പദ്ധതി.
2. നീലഗിരി ബയോസ്ഫിയർ റിസർവ് പദ്ധതി.
3. പെരിയാർ ടൈഗർ റിസർവിൻെറ ഇക്കോ ഡവലപ്മെൻറ് പദ്ധതി.

(എഫ്) 1996-97 വർഷത്തേക്ക് ബഡ്ജറിൽ ഉൾപ്പെടുത്താൻ ശുപാർശ ചെയ്തിട്ടുള്ള തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

	50% കേന്ദ്രാവിഷ്കൃത പദ്ധതികൾ		ലക്ഷം
1.	നെയ്യാർ വന്യ ജീവി സംരക്ഷണ പദ്ധതി		40.00
2.	പേപ്പാറ	,,	20.00
3.	ശെന്തരുണി	,,	20.00
4.	പെരിയാർ ടൈഗർ പദ്ധതി		80.00
5.	ഇടുക്കി വന്യജീവി സംരക്ഷണ പദ്ധതി		30.00
6.	തട്ടേക്കാട് പക്ഷി സങ്കേത പദ്ധതി		30.00
7.	ഇരവികുളം ദേശീയ ഉദ്യാന സംരക്ഷണ പദ്ധതി		40.00
8.	ചിന്നാർ വന്യജീവി സംരക്ഷണ പദ്ധതി		20.00
9.	സൈലൻറ് വാലി	,,	50.00
10.	പറമ്പിക്കുളം	,,	60.00
11.	വയനാട്	,,	60.00
12.	ആറളം	,,	20.00
13.	ചിമ്മിണി	,,	20.00
14.	പീച്ചി–വാഴാനി	,,	30.00

100% കേന്ദ്രാവിഷ്കൃത സഹായ പദ്ധതികൾ :

1.	പ്രോജക്ട് എലിഫൻറ് പദ്ധതി	100.00
2.	നീലഗിരി ബയോസ്ഫിയർ റിസർവ് പദ്ധതി	50.00
3.	പെരിയാർ ടൈഗർ റിസർവിലെ ഇക്കോ ഡവലപ്മെൻറ് പദ്ധതി	50.00

രാജ്യാന്തര പരിസ്ഥിതി വികസന പദ്ധതി

31. [1517] ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രാജ്യാന്തര പരിസ്ഥിതി വികസന പദ്ധതി പ്രകാരം തേക്കടി ഉൾപ്പെടെയുള്ള വനപ്രദേശങ്ങൾ വികസിപ്പിക്കുവാൻ പരിപാടി ഉണ്ടോ ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly